# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 769 — 16.07.2014-ൽ മറുപടിക്ക്

### അന്യസംസ്ഥാനങ്ങളിൽ നിന്ന് മണൽ ഇറക്കുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. അൻവർ സാദത്ത്: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് മണൽ കൊണ്ടു വരുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശ ങ്ങൾ വ്യക്തമാക്കുമോ ? | (എ) യും (ബി) യും. ഉണ്ട്. ഗുണമേന്മയുള്ള മണലിന്റെ ദൗർലഭ്യത, ലഭിക്കുന്ന മണലിന്റെ ഗുണനിലവാരമില്ലായ്മ, അനിയന്ത്രിത വിലക്കയറ്റം എന്നിവയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതോടൊപ്പം സംസ്ഥാനത്തെ നദികളിൽ നിന്നും അനധികൃതമായി മണൽ എടുക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം അന്യ സംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.<br><br>സംസ്ഥാന സർക്കാരിന്റെ ഹൗസിംഗ് പോളിസിയിൽ ലക്ഷ്യമിട്ടിരിക്കുന്ന സുരക്ഷിത ഭവനം പൗരന്റെ അവകാശം എല്ലാവർക്കും വീട് എന്നിവ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികൾക്കും കുറഞ്ഞ നിരക്കിൽ മണൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 04.03.14-ലെ ജി.ഒ(ആർ.റ്റി)നം.31/14/ഹൗസിംഗ് എന്ന ഉത്തരവ് പ്രകാരം അന്യ സംസ്ഥാനങ്ങളിൽ നിന്നും സുതാര്യമായ നടപടിക്രമങ്ങളിലൂടെ മണൽ ഇറക്കുമതി ചെയ്യുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ട്. |

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർ, കോളേജ് ഓഫ് എൻജിനീയറിംഗിലെ ടെക്നിക്കൽ എക്സ്പെർട്ട് എന്നിവർ ഉൾപ്പെട്ട ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ മൽസര സ്വഭാവമുള്ള ഓഫറുകൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി.

സെക്ഷൻ ഓഫീസർ.